പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1930 **26-10-2026-ൽ മറുപടിയ്ക്ക്**

ബേപ്പൂർ തുറമുഖ വികസനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
ശ്രീ. പി. എ. മുഹമ്മദ് റിയാസ്	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) മിഷൻ സമുദ്ര പദ്ധതിയിലൂടെ ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

മറുപടി: മിഷൻ സമുദ്ര പദ്ധതി പ്രകാരം ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി പ്രത്യേക തുക വകയിരുത്തിയിട്ടില്ല.

(ബി) കേരള മാരിടൈം ബോർഡ് ഇതുസംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള നിർദ്ദേശങ്ങളുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ;

മറുപടി: മിഷൻ സമുദ്ര പദ്ധതിയിലൂടെ ബേപ്പൂർ തുറമുഖത്തിന്റെ വികസനത്തിനായി കേരള മാരിടൈം ബോർഡ് പ്രത്യേക നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല.

(സി) ഷിപ്പ് ബിൽഡിംഗ് സെന്ററുമായി ബേപ്പൂരിനെ ബന്ധിപ്പിക്കുവാൻ പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ?

മറുപടി: കേരളത്തിലെ മാരിടൈം മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ബേപ്പൂർ, പൊന്നാനി, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളിൽ ഏതെങ്കിലും ഒന്നിൽ അലൂമിനിയം കപ്പൽ നിർമ്മാണശാല, കപ്പൽ അറ്റകുറ്റപ്പണിശാല, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഷിപ്പ് റിപ്പയർ ടെക്നോളജി (NIST) എന്നിവ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ ഉൾപ്പെടുത്തി സർക്കാരിൽ ലഭ്യമായ പ്രൊപ്പോസലിൽ പദ്ധതികളുടെ പ്രാഥമിക സാധ്യതാപഠനം കേരള മാരിടൈം ബോർഡ് മുഖേന നടത്തുന്നതിനുള്ള നിർദ്ദേശം ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത പ്രൊപ്പോസൽ കേരള മാരിടൈം ബോർഡിന്റെ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് കൈമാറുകയും, സംസ്ഥാന മാരിടൈം പ്ലാൻ തയ്യാറാക്കുമ്പോൾ ഈ പ്രൊപ്പോസൽ കൂടി പരിഗണിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഈ വിഷയവുമായി ബന്ധപ്പെട്ട പഠനങ്ങളും ചർച്ചകളും നിലവിൽ നടന്നുവരികയാണ്.

സെക്ഷൻ ഓഫീസർ